# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 15-02-2013

## അധ്യാപകരുടെ ശമ്പളസ്കെയിലിലെ അപാകത പൂർണമായും പരിഹരിക്കണം

## –കെ എസ് ടി എ

**അധ്യാപകരുടെ ശമ്പളസ്കെയിലുകളിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ എസ് ടി എ നടത്തിയ പ്രക്ഷോഭങ്ങളുടെ ഫലമായി ഹയർസെക്കന്ററി അധ്യാപകരുടെ തുടക്കശമ്പളത്തിലെ അപാകത പരിഹരിച്ച് സർക്കാർ ഉത്തരവായി.**

**ശമ്പളപരിഷ്കരണം നടത്തിയപ്പോൾ പ്രൈമറി– ഹൈസ്കൂൾ അധ്യാപകരുടെയും തുടക്ക ശമ്പളസ്കെയിലുകളിലുണ്ടായ കുറവുകളും പരിഹരിക്കുമെന്നും സർക്കാർ ഉറപ്പുനൽകുകയും അനോമലി കമ്മിറ്റിയെ നിയമിക്കുകയും ചെയ്തിരുന്നു. അനോമലി കമ്മിറ്റി പിരിച്ചുവിട്ടതിനുശേഷം ഒരു മാനദണ്ഡവും പാലിക്കാതെ അപാകതകൾ പരിഹരിക്കുന്നതിനുള്ള ഒറ്റപ്പെട്ട നടപടികളാണ് സർക്കാർ ഇപ്പോൾ സ്വീകരിക്കുന്നത്. അധ്യപക തസ്തികൾക്ക് തുല്യമായ മറ്റ് പല തസ്തികകളുടെയും സ്കെയിലുകൾ ഉയർത്തിയിരുന്നു. ഇതുൾപ്പെടെ പരിഹരിക്കാമെന്ന ഉറപ്പാണ് സർക്കാർ ലംഘിച്ചിരിക്കുന്നത്.**

**പ്രൈമറി– ഹൈസ്കൂൾ അധ്യാപകരുടെ ശമ്പളസ്കെയിലിലെ കുറവുകൾകൂടി അടിയന്തിരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.**

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി